# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുത്താളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി( പി7) 552/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 26/03/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുത്താളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി( പി7) 552/2021 തീയ്യതി: 26/03/2021

## കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 16-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വാസുദേവൻ. എം | ഡെപ്യൂട്ടി ഡയറക്ടർ | 17-03-2021 | 23-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-03-2021 | 23-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.എം.ബാലകൃഷ്ണൻ (ഓഡിറ്റ്ഓഫീസർ .ഹ.ഗ്രേഡ്)
ധീരജ്.ജെ(അസി.ഓഡിറ്റ് ഓഫീസർ)
സതിഷ്കുമാർ.സി.പി (അസി.ഓഡിറ്റ് ഓഫീസർ)

ശ്രീജിത്ത്.കെ.വി.(ഓഡിറ്റർ)
വിജേഷ്.കെ.കെ.(ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജേക്കബ് ജോർജ്ജ് | സെക്രട്ടറി | 01-04-2019 | 31-03-2020 |
| കെ.പി.അസ്സൻകുട്ടി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മനോജ്.വി.കെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഷീബ.എം.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| സുനിൽ കുമാർ.കെ.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 06-08-2019 |
| ശിശിർ | അസിസ്റ്റന്റ് എഞ്ചിനീയർ | 07-08-2019 | 31-03-2020 |
| ഡോ.ശബരീഷ് | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| അബിലാഷ്.ആർ.ജെ. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ചന്ദ്രലേഖ | മെഡിക്കൽ ഓഫീസർ, ഗവ ആയുർവ്വേദ ഡിസ്പൻസറി | 01-04-2019 | 16-05-2019 |
| സോന ദയാൻ | മെഡിക്കൽ ഓഫീസർ, ഗവ ആയുർവ്വേദ ഡിസ്പൻസറി | 16-05-2019 | 31-03-2020 |
| വിവേക്.കെ.വി. | മെഡിക്കൽ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ, ഗവ ഹോമിയോ ഡിസ്പൻസറി | | |
| രജനി.പി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| മുജീബ്.സി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| രാധാകൃഷ്ണൻ.ടി. | ഹെഡ് മാസ്റ്റർ | 01-04-2019 | 01-06-2019 |
| മോഹനൻ മാസ്റ്റർ | ഹെഡ് മാസ്റ്റർ | 03-06-2019 | 03-12-2019 |
| ബാബു മാസ്റ്റർ | ഹെഡ് മാസ്റ്റർ | 04-12-2019 | 31-03-2020 |
| ലീന.ടി.കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Srijith K.V (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Vijesh K.K (Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Vijesh K.K (Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Srijith K.V (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Vijesh K.K (Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vijesh K.K (Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Vijesh K.K (Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Vijesh K.K (Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Srijith K.V (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Vijesh K.K (Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-11 |
| 12 | വസ്തു നികുതി തെറ്റായി കണക്കാക്കി നികുതി ഇനത്തിൽ നഷ്ടം<br>Written By: Vijesh K.K (Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-12 |
| 13 | അനധികൃത കെട്ടിടത്തിൻമേൽ നടപടി സ്വീകരിച്ചില്ല<br>Written By: Vijesh K.K (Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-13 |
| 14 | എഫ് ടി ഇ എ)&ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: Vijesh K.K (Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-14 |
| 15 | മുറിച്ചുമാറ്റിയ മരങ്ങൾ ലേലം ചെയ്തില്ല.<br>Written By: Srijith K.V (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-15 |
| 16 | സ്ഥല വിസ്തൃതി കണക്കിലെടുക്കാതെ വിത്തുകൾ വിതരണം ചെയ്തു | 1-16 |

| | | |
|---|---|---|
| | Written By: Balakrishnan K.M (Audit Officer (HG), On 22-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | |
| 17 | വലിയ സൌകര്യങ്ങളൊരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവൃത്തികൾക്കും: പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു<br>Written By: SathishKumar C P (Asst. Audit Officer, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-17 |
| 18 | പൊതുമരാമത്ത് പദ്ധതികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല<br>Written By: SathishKumar C P (Asst. Audit Officer, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-18 |
| 19 | ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല<br>Written By: SathishKumar C P (Asst. Audit Officer, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-19 |
| 20 | അംഗനവാടി പൂരക പോഷകാഹാരം പദ്ധതികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല<br>Written By: SathishKumar C P (Asst. Audit Officer, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-20 |
| 21 | വി.ഇ.ഒ യുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ വർഷങ്ങളായി പണം വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു.<br>Written By: Dheeraj J (Asst. Audit Officer, On 21-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-21 |
| 22 | ലൈഫ് ഭവനപദ്ധതി -പ്രവൃത്തി പൂർത്തീകരിച്ച് പണം കൈപ്പറ്റിയിട്ടില്ല.<br>Written By: Dheeraj J (Asst. Audit Officer, On 21-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-22 |
| 23 | സ്കൂൾ കുട്ടികൾക്ക് കരാട്ടെ പരിശീലന പരിപാടി -അപാകതകൾ<br>Written By: Dheeraj J (Asst. Audit Officer, On 21-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-23 |
| 24 | എസ്.എസ്.എ. പദ്ധതിക്കായി പണം ചെലവഴിച്ചതിലെ അപാകതകൾ<br>Written By: Dheeraj J (Asst. Audit Officer, On 21-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-24 |
| 25 | ഗൃഹചൈതന്യം കാർഷിക നഴ്സറി പദ്ധതി-അപാകതകൾ<br>Written By: Srijith K.V (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 1-25 |
| 26 | സ്വയംതൊഴിൽ സംരംഭം- സബ്സിഡി തുക ഉൾപ്പെടെയുള്ള തുകയ്ക്ക് പലിശ ഈടാക്കി<br>Written By: Dheeraj J (Asst. Audit Officer, On 21-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-26 |
| 27 | കമ്പ്യൂട്ടർ വാങ്ങൽ ലാഭകരമായില്ല.<br>Written By: Srijith K.V (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-27 |
| 28 | മോയോർകുന്ന് കുടിവെള്ള പദ്ധതി-അപാകതകൾ<br>Written By: Srijith K.V (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-28 |
| 29 | കുടിവെള്ളവിതരണം- അധികം ലഭിച്ച തുക വകമാറ്റി ചെലവഴിച്ചു.<br>Written By: Srijith K.V (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-29 |
| 30 | | 1-30 |

| | | |
|---|---|---|
| | വാറന്റി പരിരക്ഷയുള്ള കമ്പ്യൂട്ടറുകൾക്ക് എ.എം.സി<br>Written By: Srijith K.V (Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Balakrishnan K.M (Audit Officer (HG), On 22-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Balakrishnan K.M (Audit Officer (HG), On 22-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Balakrishnan K.M (Audit Officer (HG), On 22-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Balakrishnan K.M (Audit Officer (HG), On 22-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 4-4 |
| 5 | വായ്പ<br>Written By: Balakrishnan K.M (Audit Officer (HG), On 22-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Balakrishnan K.M (Audit Officer (HG), On 22-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Balakrishnan K.M (Audit Officer (HG), On 22-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Balakrishnan K.M (Audit Officer (HG), On 22-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Balakrishnan K.M (Audit Officer (HG), On 22-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 22-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 22-03-2021)<br>Last Updated By: Vasudevan M (Deputy Director, On 26-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് 04.02.2019 തീയതിയിലെ 1/1 നം. തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 24.03.2020 തീയതിയിലെ 1/1 നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 14.05.2020 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4944791.00 |
| വരവ് | 49642865.00 |
| ആകെ | 54587656.00 |
| ചെലവ് | 51025456.00 |
| നീക്കിയിരിപ്പ് | 3562200.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 8107376 | 8107376 | 7584801 | 522575 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 4475882 | 4475882 | 3455132 | 1020750 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 6508000 | 6508000 | 5412865 | 1095135 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 3251000 | 3251000 | 2042667 | 1208333 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | - | 6858691 | 6858691 | 4223583 | 2635108 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| അനുപൂരക പോഷകാഹാരം ICDS | 589937 | 688583 | 1278520 | 791217 | 487303 |
| എം.പി ഫണ്ട് | 137007 | 0 | 137007 | 649 | 136358 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| അനുപൂരക പോഷകാഹാരം ICDS | 22000 | 0 | 22000 | 0 | 22000 |
| വിമുക്തി | 26122 | 0 | 26122 | 15690 | 10432 |
| ശുചിത്വമിഷൻ | 3903145 | 0 | 3903145 | 1035370 | 2867775 |

സർക്കാർ ഉത്തരവ് (കൈ)16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം.തയ്യാറാക്കിയ കുത്താളി ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

- ഫണ്ട് വിനിയോഗ പത്രിക പ്രകാരം ഉല്പാദന മേഖലയിൽ വികസന ഫണ്ട് ജനറൽ അടങ്കൽ ചെയ്തിരിക്കുന്നത് 8107376/- രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ഇത് 2607507/- മാത്രമാണ്. ഇത്തരത്തിൽ വികസനഫണ്ട് ജനറൽ, എസ്.സി.പി എന്നീ ഫണ്ടുകളുടെയും അടങ്കൽ തുക ചേർത്തിരിക്കുന്നതിൽ സുലേഖ ചെലവ് പത്രികയുമായി വലിയ അന്തരം കാണുന്നു.
- ഫണ്ട് വിനിയോഗ പത്രിക പ്രകാരം പാശ്ചാത്തല മേഖലയിൽ വികസന ഫണ്ട് ജനറൽ അടങ്കൽ ചെയ്തിരിക്കുന്നത് 500000/- രൂപയാണ്. ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത് 0 രൂപയുമാണ്. പത്രിക പരിശോധിച്ചതിൽ പാശ്ചാത്തല മേഖലയിൽ ഉൾപ്പെടേണ്ട പദ്ധതികൾ ഉത്പാദന/സേവന മേഖലകളിൽ ഉൾപ്പെടുത്തിയതിനാൽ പത്രിക പ്രകാരമുള്ള കണക്കുകൾ യഥാർത്ഥ കണക്കുകളെ പ്രതിഫലിപ്പിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടു.
- കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മുന്നിരിപ്പ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
- കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
- ഫണ്ട് വിനിയോഗ പത്രിക പ്രകാരം വരവായി രേഖപ്പെടുത്തിയിരിക്കുന്നത് അലോട്ട്മെന്റ് പ്രകാരമുള്ള തുകയാണ്. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും യഥാർത്ഥത്തിൽ പിൻവലിച്ച തുകയല്ല വരവായി കാണിച്ചിട്ടുള്ളത്. എന്നാൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക പദ്ധതി ചെലവായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാരണത്താൽ വികസനഫണ്ട് ജനറലിന്റെ നീക്കിയിരിപ്പ് കമ്മിയായാണ് പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളത്.
- സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുന്ന തുക സ്ഥാപനത്തിന്റെ വരവായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവിൽ ഈ തുക ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 128 | | 57 | | 46 | 25 | 44.53 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 40188 | 2420295 | 2460483 | 1441523 | 1018960 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 56304663 | 56304663 | 56304663 | - |
| ആകെ | 40188 | 58724958 | 58765146 | 57746186 | 1018960 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 82800 | 90 |
| കർഷകതൊഴിലാളി പെൻഷൻ | 3927000 | 700 |
| വിധവാപെൻഷൻ | 3462000 | 617 |
| വാർദ്ധക്യകാലപെൻഷൻ | 5454900 | 1062 |
| വികലാംഗപെൻഷൻ | 1069400 | 201 |
| അവിവാഹിതരായസ്ത്രീകൾക്കുള്ള പെൻഷൻ | 144000 | 26 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-03-2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18123/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

കുത്താളി ഗ്രാമപഞ്ചായത്ത് വിസ്തീർണ്ണം കുറഞ്ഞ പഞ്ചായത്തുകളിലൊന്നാണ്. കുറഞ്ഞ തനത് വരുമാന സ്രോതസ്സുകളുള്ള പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് കണ്ടെത്തുന്നത് സർക്കാരിൽ നിന്നും ലഭ്യമാകുന്ന വിവിധ ഗ്രാന്റുകളെ ആശ്രയിച്ചാണ്. എന്നാൽ ഗ്രാന്റുകൾ സമയബന്ധിതമായും ആസൂത്രിതമായും ചെലവഴിക്കുന്നതിലുള്ള വീഴ്ചമൂലം 100 ശതമാനം ഫണ്ടുകളും ഉപയോഗിക്കാനായിട്ടില്ല. താരതമ്യേന മികച്ച ചെലവ് സാധ്യമാക്കിയെങ്കിലും പഞ്ചായത്തിന്റെ സാമ്പത്തിക നിലയുടെ സാഹചര്യത്തിൽ ആയത് തൃപ്തികരമല്ല. നിർവ്വഹണ കലണ്ടർ തയ്യാറാക്കി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലും വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തന ക്ഷമമാക്കുന്നതിലുമുള്ള വീഴ്ചകൾ പരിഹരിക്കേണ്ടതുണ്ട്.
സാംഖ്യ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് സ്ഥാപനത്തിൽ അക്കൗണ്ടിംഗ് ജോലികൾ നിർവ്വഹിക്കപ്പെടുന്നത്. ബജറ്റ് സംബന്ധിച്ച വസ്തുതകൾ സാംഖ്യ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്താത്ത സാഹചര്യത്തിൽ ബജറ്റ് പ്രകാരം അനുവദനീയമായ പരിധി പിന്നിടുന്ന ഒരു ചെലവിനെ തിരിച്ചറിഞ്ഞ് നിയന്ത്രിക്കുന്നതിന് സോഫ്റ്റ്‌വെയർ സഹായകമാകുന്നില്ല. മേൽ സാഹചര്യത്തിലും ആവർത്തന ചെലവുകൾ അടക്കമുള്ള തനത് ഫണ്ടിൽ നിന്നുള്ള ചെലവുകളുടെ കണ്ടിൻജന്റ് ബില്ലുകളിൽ ബജറ്റ് പ്രകാരം അനുവദിച്ച തുകയുടെയും അതത് ബില്ല് വരെയുള്ള ചെലവ് വിശദാംശങ്ങൾ രേഖപ്പെടുത്തി നിയന്ത്രിക്കുന്നതിന് സ്ഥാപനം ശ്രമിച്ചിട്ടില്ല.തനത് ഫണ്ട് അക്കൗണ്ടുകളിൽ ഇതര സ്വഭാവമുള്ള ഫണ്ടുകൾ അക്കൗണ്ട് ചെയ്തിട്ടുണ്ട്. ഭൂരിഭാഗം വൗച്ചറുകളും പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടുണ്ട്.
സ്ഥാപനത്തിലെ ധന ഇടപാടുകൾ ഒരാളിൽ തന്നെ കേന്ദ്രീകരിക്കാത്ത വിധത്തിൽ ഓഫീസ് ഉത്തരവിലൂടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. പഞ്ചായത്തിന് ലഭ്യമാവുന്ന മുഴുവൻ വരവുകൾക്കും രശീത് അനുവദിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. (ഉദാ- ജില്ലാ കളക്ടറിൽ നിന്നും ലഭ്യമായ സംസ്ഥാന ദുരന്ത നിവാരണ നിധി സ്ഥാപനം വരവ് വെച്ചിട്ടില്ല ) പണം സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം സ്ഥാപനത്തിലുണ്ട്. ലഭ്യമാവുന്ന ചെക്കുകൾ കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിച്ച് പണമാക്കി മാറ്റുന്നുണ്ട്.
വസ്തുനികുതി കുടിശ്ശിക രഹിതമായി പിരിച്ചെടുക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്. വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ താരതമ്യേന കുറവായ ഗ്രാമപഞ്ചായത്തിൽ ഡി& ഒ ലൈസൻസ് ഫീ, മറ്റ് നികുതി ഇതര വരവുകൾ എന്നിവ വളരെ കുറവാണ്. സ്ഥാപനം ഖര -ദ്രവ പ്ലാസ്റ്റിക് പരിപാലന നിയമാവലി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പ്ലാസ്റ്റിക് ഉപയോഗത്തിനുള്ള ഫീ, ചട്ട ലംഘനത്തിനുള്ള പിഴ എന്നിവയിലൂടെയും വരുമാനം ആർജ്ജിക്കപ്പെടുന്നില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകി വിവരശേഖരണം നടത്താത്തതിനാൽ തൊഴിൽ നികുതി ഡിമാന്റിന്റെ കൃത്യതയും

സംശയാസ്പദമാണ്. പുതിയ നികുതി/നികുതിയേതര വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിന് സഹായകമാകുന്ന തരത്തിലുള്ള അജണ്ടകൾ ഉൾപ്പെടുത്തി ചർച്ച ചെയ്യുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സാധിച്ചിട്ടില്ല. അതത് വർഷങ്ങളിൽ ഫീൽഡ് തല റിപ്പോർട്ടിലൂടെ ഡിമാന്റിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചില്ല.

ഘടക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനത്തിന്റെ സാധന സേവന ആവശ്യകതകൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് ഏകീകൃതമായി സമാഹരിക്കുന്നതിന് സാധിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ച് ആവശ്യകതകൾ മുൻകൂട്ടി നിശ്ചയിച്ച് സാധനങ്ങളും സേവനങ്ങളും ഒരുമിച്ച് സമാഹരിക്കുന്നതിലൂടെ സ്ഥാപനത്തിന് നേട്ടമുണ്ടാക്കാമായിരുന്നു.

ആസ്തികളുടെ സംരക്ഷണത്തിലും പരിപാലനത്തിലും സ്ഥാപനത്തിന് വീഴ്ചയുണ്ടായിട്ടുണ്ട്. സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്റർ കൃത്യമാക്കുകയോ കാലികമാക്കുകയോ ചെയ്തിട്ടില്ല. കാലഹരണപ്പെട്ട ഇലക്ട്രോണിക് ആസ്തികൾ ഉൾപ്പെടെയുള്ള ആസ്തികൾ കയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

സ്ഥാപനത്തിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരമാണ്. ഓപ്പൺ സോഫ്റ്റ്‌വെയറുകളുടെ സാധ്യത സ്ഥാപനം ഉപയോഗപ്പെടുത്തിയിട്ടില്ല. ഭൂരിഭാഗം ഡോക്യുമെന്റുകളും ഐ.എസ്.എം സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് തയ്യാറാക്കിയിട്ടുള്ളത്. സ്ഥാപനത്തിൽ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

## <u>1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.02.2020 | ജനവരി 2020 | 26.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.02.2010 മുതൽ 20.02.2010 വരെ | 2004-05മുതൽ 2008-09 വരെ | 19.03.2010 |

## <u>1-11 വാർഷിക കണക്കിലെ അപാകതകൾ</u>

<u>വാർഷിക കണക്കിലെ അപാകതകൾ</u>

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ തൊഴിൽ നികുതി (എംപ്ലോയീസ്) രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഡിമാന്റ് എന്നത് 534610/- രൂപയാണ്. എന്നാൽ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് 2019-20 പ്രകാരം ഡിമാന്റ് എന്നത് ഇതിലെ കലക്ഷൻ തുകയായ 474930/- രൂപയാണ്. ബി-15 സ്റ്റേറ്റ്മെന്റിൽ കുടിശ്ശിക തുകയായ 59680/- രൂപ ഉൾപ്പെടുത്തിയിട്ടില്ല.

2) തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പന്റിച്ചർ അക്കൌണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ വച്ചിട്ടില്ല.

3) അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൌണ്ടിഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയില്ല.

4) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ 2015 വരെ ആർജ്ജിച്ച ആസ്തികളുടെ മൂല്യം മാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളൂ.

5) ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം 118849/- രൂപയുടെ സ്റ്റോർസ് 2019-20 ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

6) ബാലൻസ് ഷീറ്റ് ബി 5 സ്റ്റേറ്റ്മെന്റ് പ്രകാരം കെ.യു.ആർ.ഡി.എഫ്.സി യിൽ തിരിച്ചടയ്ക്കാനായി 11301410/- രൂപ ഉണ്ട്. എന്നാൽ ലോൺ രജിസ്റ്ററിൽ ലോൺ തിരിച്ചടവ്, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-12 വസ്തു നികുതി തെറ്റായി കണക്കാക്കി നികുതി ഇനത്തിൽ നഷ്ടം

1) പ്രസിഡണ്ട് നഷാത്തുൽ ഇസ്ലാം മദ്രസ, കുത്താളി എന്നവരുടെ പേരിൽ ഉള്ളതും 2019- 20 ൽ നമ്പർ നൽകിയതുമായ 2 /135 ഇ,എഫ്,ജി,എച്ച് എന്നീ നമ്പർ കെട്ടിടങ്ങൾ ഇതേ ഉടമസ്ഥതയിലുള്ള 2/135എ,ബി,സി,ഡി എന്നീ നമ്പർ കെട്ടിടങ്ങളുടെ അനുബന്ധ കെട്ടിടമാണ്. കെട്ടിടത്തിന് ആകെ 185 .86ചതുരശ്ര മീറ്റർ വിസ്തീർണമുണ്ട്. എന്നാൽ കെട്ടിടത്തിന് വിവിധ നമ്പർ നൽകി നികുതി കണക്കാക്കിയപ്പോൾ നിരക്ക് 100 ചതുരശ്ര മീറ്ററിൽ താഴെയുള്ള കെട്ടിടത്തിന്റെ കുറഞ്ഞ നിരക്കായ 30/- രൂപ ചതുരശ്ര മീറ്ററിന് എന്നാണ് എടുത്തിരിക്കുന്നത് . ഇത് യഥാർത്ഥത്തിൽ 50 രൂപ ചതുരശ്രമീറ്ററിന് എന്ന നിരക്കിൽ കണക്കാക്കേണ്ടതായിരുന്നു .

2) പ്രകാശൻ, ചന്ദ്രൻ എന്നിവരുടെ കെട്ടിട റഗുലറൈസേഷൻ അപേക്ഷ പ്രകാരം നിലവിലെ 74.8 ച.മീ കെട്ടിടത്തിന് മുകളിൽ നിർമ്മിച്ച 74.05 ച.മീ കെട്ടിടത്തിന് 13/400 A,B,C,D,E,F എന്നീ നമ്പറുകൾ നൽകിയിട്ടുണ്ട്. എന്നാൽ കെട്ടിടം ആകെ 149. ച.മീ വരുന്നുണ്ട്. എന്നാൽ നികുതി കണക്കാക്കിയപ്പോൾ 100 ച.മീ ൽ താഴെയുള്ള കെട്ടിടത്തിന്റെ നിരക്കായ 30/- ച.മീ ന് എന്ന നിരക്കിലാണ് എടുത്തിരിക്കുന്നത്. ഇത് യഥാർത്ഥത്തിൽ 50 രൂപ ചതുരശ്രമീറ്ററിന് എന്ന നിരക്കിൽ കണക്കാക്കേണ്ടതായിരുന്നു . നിലവിലെ കെട്ടിടത്തിന് നികുതി പരിഷ്കരിച്ച് കൂട്ടിച്ചേർത്ത ഭാഗത്തിന് 50/- ചതുരശ്ര മീറ്ററിൽ കണക്കാക്കി ഈടാക്കിയിട്ടില്ല.

തനത് വരുമാനം കുറവായ പഞ്ചായത്തായിരുന്നിട്ടും ഇത്തരം അപാകതകൾ ആവർത്തിക്കുന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 അനധികൃത കെട്ടിടത്തിൻമേൽ നടപടി സ്വീകരിച്ചില്ല

മധുസൂദനൻ , ലീല എന്നിവരുടെ BL No.69/2019-20 പ്രകാരമുള്ള കെട്ടിടത്തിന്റെ മുകൾ നിലയിൽ നിർമ്മിച്ച റസിഡൻഷ്യൽ കെട്ടിടത്തിന്റ ക്രമവൽക്കരണ അപേക്ഷ ഭൂമിയുടെ തരം നഞ്ച ആയതിനാൽ പഞ്ചായത്ത് നിരസിച്ചു. എന്നാൽ അനധികൃതമായി നിർമ്മിച്ച ഈ കെട്ടിടത്തിന് അനധികൃത കെട്ടിട നംമ്പർ നൽകി മൂന്നിരട്ടി നികുതി ഈടാക്കുകയോ അനധികൃത കെട്ടിടത്തിന് സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിലെ അനധികൃത കെട്ടിട രജിസ്റ്റർ പ്രകാരം 3 കെട്ടിടങ്ങളാണ് ഉള്ളത്. ഫീൽഡ് പരിശോധന നടത്തി ഇത്തരം അനധികൃത കെട്ടിടങ്ങൾ കണ്ടെത്തേണ്ടതും അവ ക്രമവൽക്കരിക്കുന്നത് വരെ അനധികൃത കെട്ടിടങ്ങളുടെ നികുതി ഈടാക്കേണ്ടതും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 ഏഫ് ടി ഇ എ&ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 2019-20 വർഷം വരെ സ്ഥാപന പരിധിയിൽ വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 781 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2019-20ലെ നികുതി ഇളവ് രജിസ്റ്റർ പ്രകാരം ഒരു കെട്ടിടത്തിനും നികുതി ഒഴിവ് നൽകിയിട്ടില്ല. ഇതിൽ നിന്നും 781 കെട്ടിടങ്ങളും വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള സാധ്യത നിലനിൽക്കുന്നതായി കാണാം. നിർമ്മിതിയുടെ സ്വഭാവമനുസരിച്ച് ഈ കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാണ് സാധ്യത. എന്നാൽ ഓഡിറ്റ് വർഷത്തിൽ 226 പേർക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഇതുയും ലൈസൻസിന് ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങൾ 324 എണ്ണമാണെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് 457 കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാനുള്ള സാധ്യത നിലനില്ക്കുന്നുണ്ട്. ഇതിൽ നിന്നും പഞ്ചായത്തിലെ മുഴവൻ ലൈസൻസും ഡിമാന്റ് ചെയ്യപ്പെടുന്നില്ല എന്ന് വ്യക്തമാണ്.

1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു.ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് , കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി ) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 781 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും , ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും, മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ ആകെ 2018-19 ൽ അനുവദിച്ച ലൈസൻസുകളിൽ മുഴുവൻ സ്ഥാപനങ്ങളും 2019-20 ൽ ലൈസൻസ് പുതുക്കുന്നതിന് നിയമാനുസൃതമായി അഡ്വാൻസായി ലൈസൻസ് ഫീസ് ഒടുക്കിയിട്ടില്ല. ഇത് ഉറപ്പു വരുത്തുന്നതിനുള്ള പരിശോധനകൾ നടക്കുന്നില്ല എന്നത് വീഴ്ചയാണ്.

## 1-15 മുറിച്ചുമാറ്റിയ മരങ്ങൾ ലേലം ചെയ്തില്ല.

2019-20 വർഷത്തിൽ ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തു നിന്നും അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ച് മാറ്റുന്നതിന് വിവിധ വൗച്ചറുകൾ മുഖേന സ്ഥാപനം 13700 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം/ തിയ്യതി | തുക |
|---|---:|
| 21900145/14.06.2019 | 4000 |
| 21900147/14.06.2019 | 1000 |
| 21900239/23.07.2009 | 500 |
| 21900301/08.08.2019 | 2200 |
| 21900620/15.01.2020 | 6000 |
| ആകെ | 13700 |

മേൽ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ഭരണസമിതി അനുമതി ചെയ്തിട്ടുണ്ട്. എന്നാൽ ലേലം ചെയ്ത് വരുമാനം ആർജ്ജിച്ചതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ കെട്ടിടത്തിനും കുടുംബശ്രീ കെട്ടിടത്തിനും ഇടയിലുള്ള ഭൂമിയിൽ കാലപ്പഴക്കമുള്ള ദ്രവിച്ച മരത്തടികൾ സൂക്ഷിച്ചിട്ടുണ്ട്. ആയത് കാലപ്പഴക്കം കാരണം ജീർണ്ണിച്ച നിലയിലാണുള്ളത്. മേൽ തടിയുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-5/2019-20 ) സ്ഥാപനം മറുപടി നൽകിയിട്ടില്ല.

ചെലവനുവാദം നൽകിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വരുമാന സാധ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ശേഷിക്കുന്ന മരത്തടികൾ അടിയന്തിരമായി മൂല്യ നിർണ്ണയം ചെയ്ത്,ലേലം ചെയ്ത് പരമാവധി മൂല്യം ഉറപ്പാക്കേണ്ടതാണ്.

## 1-16 സ്ഥല വിസ്തൃതി കണക്കിലെടുക്കാതെ വിത്തുകൾ വിതരണം ചെയ്തു

കൃഷി ഓഫീസർ തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ നിർവ്വഹണം പരിശോധിച്ചതിൽ കർഷകർക്ക് വാഴക്കന്നുകൾ ,വിത്തുകൾ എന്നിവ വിതരണം ചെയ്തതായി കണ്ടു.വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഇനം, പ്രൊജക്ട് നമ്പർ | അടങ്കൽ | പദ്ധതി വിഹിതം ചെലവഴിച്ചത് | റിമാർക്സ് |
|---|---|---|---|
| 68/2019-20 വാഴകന്ന് വിതരണം | 300000 | 300000 | 372 ഗുണഭോക്താക്കൾക്ക് 50 വാഴകന്നുകൾ വീതം. |
| 69/2019-20 ഇടവിള കൃഷി | 462720 | 462720 | 926ഗുണഭോക്താക്കൾക്ക് 500 രൂപ (499.7) വീതം വിലയുള്ള വിത്തുകളടങ്ങിയ കിറ്റ് ( മഞ്ഞൾ,ചേന.ചേമ്പ്,കാച്ചിൽ) |

സ.ഉ (കൈ) നം.22/2018/തസ്വഭവ,തീ.14.12.2018 പതിമൂന്നാം പഞ്ചവത്സരപദ്ധതി ധനവിനിയോഗ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 പ്രകാരം സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ/തൈകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്. എന്നാൽ ഭൂവിസ്തൃതി കണക്കിലെടുക്കാതെ മുഴുവൻ ഗുണഭോക്താക്കൾക്കും 50 എണ്ണം വീതം വാഴക്കന്നുകൾ വിതരണം ചെയ്യുകയാണുണ്ടായത്. പാട്ടകൃഷി നടന്നതായും കാണുന്നില്ല. വിത്തുകൾ /തൈകൾ കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുത്തിരിക്കുന്നു.

| പ്രൊജക്ട് നമ്പർ | ഗുണഭോക്താവിന്റെ വിവരങ്ങൾ | കൈവശ ഭൂമിയുടെ അളവ് | വിതരണം ചെയ്ത തൈകളുടെ /വിത്തുകളുടെ എണ്ണം |
|---|---|---|---|
| 68/2019-20 വാഴകന്ന് വിതരണം | ശ്രീമതി നാരായണി, ഏരംതോട്ടത്തിൽ, വാർഡ്- 4 | 5 സെന്റ് | 50 വാഴ കന്നുകൾ |
| ,, | മീനാക്ഷി അമ്മ, കോഴിക്കുന്നുമ്മൽ, വാർഡ് -4 | 1ഏക്കർ | 50 വാഴ കന്നുകൾ |
| 69/2019-20 ഇടവിള കൃഷി | ദേവി ഇടിയോട്ടിൽ, തണ്ടോറപ്പാറ, വാർഡ് -9 | 4.15 സെന്റ് | 1 കിറ്റ് |
| ,, | ഷിലിനകുമാരി,പുത്തൻപുരയിൽ, വാർഡ് -3 | 1.09ഏക്കർ | 1 കിറ്റ് |

വിത്ത് വിതരണം നടത്തുകയല്ലാതെ പദ്ധതി മോണിറ്ററിംഗ് ചെയ്തിട്ടില്ല. കാർഷിക മേഖലയിൽ പ്രോജക്ടുകൾ വിഭാവനം ചെയ്ത് നടപ്പാക്കുമ്പോൾ ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത, വിളവിസ്തൃതി,ഉത്പാദനക്ഷമത, ജൈവകൃഷി പ്രോത്സാഹനം, സംയോജിത കൃഷി സമ്പ്രദായങ്ങൾ വഴി കർഷകന് കൃഷി ഭൂമിയിൽനിന്ന് പരമാവധി വരുമാനം, തരിശുഭൂമിയിലെ കൃഷി തുടങ്ങി പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതിക്കായുള്ള മാർഗ്ഗ രേഖയിൽ നിഷ്കർഷിച്ചിട്ടുള്ള ലക്ഷ്യങ്ങൾ നേടുന്നതിന് വേണ്ട പ്രൊജക്ടുകൾ വിഭാവനം ചെയ്യുകയാണ് വർക്കിംഗ് ഗ്രൂപ്പ്,സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ചുമതല.വിത്തുകൾ,തൈകൾ എന്നിവ സ്ഥലവിസ്തൃതി പരിഗണിക്കാതെ വിതരണം ചെയ്തത് മേൽ ലക്ഷ്യം കൈവരിക്കുന്നതിന് അപര്യാപ്തവും പദ്ധതിപണം ചെലവഴിക്കുക എന്ന ലക്ഷ്യം മാത്രം കൈവരിക്കുന്നതിന് ഉതകുന്നതുമാണ്. വിത്തുകൾ/തൈകൾ/വളം എന്നിവ നൽകുന്നത് സ്ഥലവിസ്തൃതിക്കനുസൃതമായിരിക്കേണ്ടതും കൃത്യമായ മോണിറ്ററിംഗ് നടത്തി പ്രൊജക്ട് വിഭാവനംചെയ്ത ലക്ഷ്യങ്ങൾ കൈവരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/2019-20) മറുപടി നൽകിയിട്ടില്ല.അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-17 വലിയ സൌകര്യങ്ങളൊരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവൃത്തികൾക്കും: പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു

സ്ഥാപനത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരം PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടാണ് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്സ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ്ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച്&ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക്) ആമുഖത്തിൽ ഖണ്ഡിക 4 -ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്.റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർഹെഡ്സ്ചാർജ്ജ് കണക്കാക്കിയത് 17ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച കൊണ്ടാണെന്ന് ഖണ്ഡിക 4ൽ പരാമർശിക്കുന്നു.ഇവയിൽ പ്രധാനപ്പെട്ടതും സ്ഥാപനത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ,ആക്സസ് റോഡുകൾ,ജലവിതരണം ,ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്
4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

5. മോർഡ് സ്പസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്

6. വാച്ച് &വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം.17ആം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ് .

ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത.എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു.ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ഇവിടെ ശ്രദ്ധേയമാണ്.മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്തുഫണ്ടിന്റെ ദുർവിനിയോഗമാണ്. ഇതു സംബന്ധിച്ച് നൽകിയ 16 /20.03.2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല

ഇക്കാര്യത്തിൽ അഭിപ്രായവും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-18 പൊതുമരാമത്ത് പദ്ധതികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല

പദ്ധതി രൂപീകരണത്തിലും മോണിട്ടറിംഗിലും നിർണ്ണായക പങ്ക് വഹിക്കേണ്ട ഒരു സുപ്രധാന ഘടകമാണ് വർക്കിംഗ് ഗ്രൂപ്പുകൾ.2019-20 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് രണ്ടു തവണയാണ് മീറ്റിംഗ് കൂടിയത്. 05-12-2019, 06-02-2020 എന്നീ ദിവസങ്ങളിലാണ് മീറ്റിംഗ് ചേർന്നത്.05-12-2019 ലെ മീറ്റിങ്ങിൽ 2020-21പദ്ധതി ശുപാർശകളും 06-02-2020ന് ചേർന്ന യോഗത്തിൽ തീരുമാനങ്ങളൊന്നുമെടുക്കാതെയും പിരിയുകയാണുണ്ടായത്. 2019-20 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് രണ്ടു തവണ മീറ്റിംഗ് കൂടിയതിൽ 2019-20 ലെ പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല. പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ത.സ്വ.വഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2,13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട

സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ഇതു സംബന്ധിച്ച് നൽകിയ 14/20.03.2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് അഭിപ്രായവും വിശദീകരണവും നൽകേണ്ടതാണ്.

## 1-19 ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ : 39/20

പ്രൊജക്ട് : അംഗനവാടി പൂരക പോഷകാഹാരം

2019-20 വർഷത്തിൽ അംഗനവാടി പൂരക പോഷകാഹാരം പദ്ധതികകളുടെ ഭാഗമായി 793,809/-രൂപ ചെലവഴിച്ച് മരുതോങ്കരയിലെ ഹൈജീനിക് ഫുഡ് പ്രോഡക്ട്സ് നിർമ്മാണ യൂണിറ്റിൽ നിന്നും10,654 Kg ന്യൂട്രിമിക്സ് വാങ്ങി പഞ്ചായത്തിലെ 17അങ്കണവാടികൾ മുഖേന അതാതു അങ്കണവാടി പരിധിയിലുള്ള മൂന്ന വയസ്സുവരേയുള്ള കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഹൈജീനിക് ഫുഡ് പ്രോഡക്ട്സ് നിർമ്മാണ യൂണിറ്റിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങിയതിന്റെ വിവരങ്ങൾ താഴെ പറയുന്നു.

| | ബിൽ /സാങ്ഷൻ ഓർഡർ നമ്പർ / തീയതി | തുക | ന്യൂട്രിമിക്സ് അളവ് (Kg) |
|---|---|---|---|
| 1 | 1/12.06.2019 | 69899 | 938.250 |
| 2 | 1/12.06.2019 | 70402 | 945 |
| 3 | 2/20.07.2019 | 70904 | 951 |
| 4 | 2/20.07.2019 | 55064 | 739 |
| 5 | 4/31.08.2019 | 51572 | 692.250 |
| 6 | 5/23.10.2019 | 78448 | 1053 |
| 7 | 5/23.10.2019 | 78699 | 1056 |
| 8 | 119/19.12.2019 | 66127 | 887.625 |
| 9 | 119/19.12.2019 | 84734 | 1137.375 |
| 10 | 209/06.03.2020 | 87500 | 1174.500 |
| 11 | 209/06.03.2020 | 80460 | 1080 |
| | | 793809/- | 10654 Kg |

സാമൂഹ്യക്ഷേമ ഡയറക്ടറുടെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് ബി.3-312/2010, 18.12.2010 പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാൻ നിർദ്ദേശിക്കുന്നു.ഇതു സംബന്ധിച്ച് നൽകിയ 15/20.03.2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-20 അംഗനവാടി പൂരക പോഷകാഹാരം പദ്ധതികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല

2019-20 വർഷത്തിൽ അംഗനവാടി പൂരക പോഷകാഹാരം പദ്ധതികകളുടെ ഭാഗമായി 18,83,307/-രൂപ ചെലവഴിച്ചിട്ടുണ്ട്.പഞ്ചായത്തിലെ 17അങ്കണവാടികൾ മുഖേന മൂന്ന വയസ്സുവരേയുള്ള 437 കുട്ടികൾക്ക് 10,654 Kg ന്യൂട്രിമിക്സ് വിതരണം ചെയ്തതിന് മരുതോങ്കരയിലെ ഹൈജീനിക് ഫുഡ് പ്രോഡക്ട്സ് നിർമ്മാണ യൂണിറ്റിന് 793,809/-രൂപയും 17അങ്കണവാടികളിലെ

മൂന്ന് വയസ്സ് മുതൽ ആറ് വയസ്സ് വരേയുള്ള 342 കുട്ടികൾക്ക് പോഷകാഹാരം നൽകിയിയതിന് 10,89,498/-രൂപയുമാണ് ചെലവഴിച്ചത്.തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| | ബിൽ /സാങ്ഷൻ ഓർഡർ നമ്പർ ,തുക | ഇനം |
|---|---|---|
| 1 | 1/12.06.2019<br>321,193/- | 7515 (വാഹനം)<br>140,301 (ന്യൂട്രിമിക്സ്)<br>173,377 (മാവേലി സ്റ്റോർ)<br>(പച്ചക്കറി)<br>(ഗ്യാസ്) |
| 2 | 2/20.07.2019<br>152,869/- | 125,968 (ന്യൂട്രിമിക്സ്)<br>9932 (പച്ചക്കറി)<br>16,969 (ഗ്യാസ്) |
| 3 | 4/31.08.2019<br>217,773/- | 217,773 (ന്യൂട്രിമിക്സ്) |
| 4 | 5/23.10.2019<br>390,142/- | 18,892 (വാഹനം)<br>157,147 (ന്യൂട്രിമിക്സ്)<br>214,103 (മാവേലി സ്റ്റോർ) |
| 5 | 7/23.11.2019<br>10,113/- | 10,113 (പച്ചക്കറി) |
| 6 | 119/19.12.2019<br>361,249/- | 150,861 (ന്യൂട്രിമിക്സ്)<br>187,644 (മാവേലി സ്റ്റോർ)<br>22,744 (ഗ്യാസ്) |
| 7 | 209/06.03.2020<br>369,065/- | 9230 (വാഹനം)<br>167,960 (ന്യൂട്രിമിക്സ്)<br>191,875 (മാവേലി സ്റ്റോർ) |
| 8 | 227/06.03.2020<br>60,903/- | 34,108 (പച്ചക്കറി)<br>26,795 (ഗ്യാസ്) |

പദ്ധതി രൂപീകരണത്തിലും മോണിട്ടറിംഗിലും നിർണ്ണായക പങ്ക് വഹിക്കേണ്ട ഒരു സുപ്രധാന ഘടകമാണ് വർക്കിംഗ് ഗ്രൂപ്പുകൾ. 2019-20 കാലഘട്ടത്തിൽ സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പ് മൂന്ന് തവണയാണ് മീറ്റിംഗ് കൂടിയത്. 30-12-2019, 06-02-2020, 17-02-2020 എന്നീ ദിവസങ്ങളിലാണ് മീറ്റിംഗ് ചേർന്നത്. മീറ്റിംഗ് കൂടിയതിൽ 2019-20 പദ്ധതികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല. പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11 /2018/ ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. ആയവ താഴെ കാണിക്കുന്നു.

എ) മേൽ ഉത്തരവ് 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ബി) 13.2അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

സി) 7.8.2.4 പ്രകാരം പോഷകാഹാര വിതരണം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ അങ്കണവാടി വെൽഫെയർ കമ്മറ്റി,നിരീക്ഷണ കമ്മറ്റി,ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ഭരണസമിതി ഉറപ്പുവരുത്തേണ്ടതായിരുന്നു.

ഗ്രാമ പഞ്ചായത്ത് അംഗനവാടി പൂരക പോഷകാഹാരം പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് അഭിപ്രായവും വിശദീകരണവും നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ 19/20.03.2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

<u>1-21 വി.ഇ.ഒ യുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ വർഷങ്ങളായി പണം വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു.</u>

വി ഇ.ഒ. യുടേയും പ്രസിഡണ്ടിന്റെയും പേരിൽ സംയുക്തമായുള്ള പേരാമ്പ്ര കോ-ഓപ്പറേറ്റീവ് ബേങ്കിലെ 14593 നമ്പർ അക്കൗണ്ടിലും, വി ഇ.ഒ യുടെ ക്യാഷ് ബുക്കിലും 31-03-2020 ൽ 1,58,975/- രൂപ നീക്കിയിരിപ്പുണ്ട് . ബാങ്ക് പാസ്ബുക്ക് പരിശോധിച്ചതിൽ വർഷങ്ങളായി പ്രസ്തുത തുക അക്കൗണ്ടിൽ വിനിയോഗിക്കാതെ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു.
ഇ .എം .എസ്, ഭവന പദ്ധതിക്കായി നേരത്തെ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച ഒരു ലക്ഷവും ആയതിന്റെ പലിശയും ആണെന്നും മാനദണ്ഡങ്ങളനുസരിച്ച് ഉദ്ദേശിച്ച ഗുണഭോക്താവിനായി വിനിയോഗിക്കാനാകാതെ വന്ന നീക്കിയിരിപ്പാണെന്നുമാണ് വി.ഇ.ഒ, വിശദീകരിച്ചത് . നാളിതുവരെ ഉപയോഗിക്കാതെ തുക ബാങ്കിൽ സൂക്ഷിച്ചിട്ടുള്ളത് ശരിയായ നടപടിക്രമമല്ല. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 9/19-20,20.03.21) നൽകിയ മറുപടിയിൽ ടി തുക 2020-21 -ലെ ലൈഫ് പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ടെന്നാണ്. ഇക്കാര്യത്തിൽ ടി ഇനത്തിലെ തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് സർക്കാർ അനുമതിയോ നിർദ്ദേശമോ ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം എത്രയും വേഗത്തിൽ ബന്ധപ്പെട്ട അക്കൗണ്ടിൽ തുക തിരിച്ചടവാക്കേണ്ടതാണ് .

<u>1-22 ലൈഫ് ഭവനപദ്ധതി -പ്രവൃത്തി പൂർത്തീകരിച്ച് പണം കൈപ്പറ്റിയിട്ടില്ല.</u>

2018-19 ൽ ആരംഭിച്ച ലൈഫ് ഭവന പദ്ധതിയിലെ (ഫേയ്സ് 2) ഗുണഭോക്താക്കളിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ച് പദ്ധതി തുക മുഴുവനായി കൈപ്പറ്റിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, വിവരങ്ങൾ | വാർഡ് നം | കൈപ്പറ്റിയ തുക | ബിൽ നം/ഫണ്ട്, ഇനം, തിയ്യതി |
|---|---|---|---|---|
| 1 | ആമിന,W/O അബ്ദുൽസലാം വെള്ളപ്പാറക്കൽ, കൂത്താളി. | 12 | 40000(1)<br>160000(2) | 40/18-19, 18/11/18<br>ഹഡ്കോലോൺ, 18-19,30/03/19 |
| 2 | പ്രേമ, W/O ചന്ദ്രൻ, നെല്ലിയുള്ളതിൽ. | 1 | 40000(1)<br>160000(2)<br>100000(3) | ഹഡ്കോലോൺ, 18-19, 16/01/19<br>33/11/02/2020(ഡി.പി)<br>2020-21,29/06/2020 |
| | | | | |

| | | | | |
|---|---|---|---|---|
| 3 | കല്യാണി,W/O കുഞ്ഞിരാമൻ, വെളുത്താടൻ വീട്ടിൽ | 3 | 18569(1) 21431(1) | ലോൺ ,18-19,16/01/2019 55/18/11/2019 |
| | " " | " | 160000(2) 100000(3) | ലോൺ. 19-20,13/11/2019 28/31/01/2020 |
| 4 | കല്യാണി,W/O രാജൻ, മഠപ്പറമ്പിൽ, മേഞ്ഞാണ്യം .പി.ഒ. (എസ്.സി.വിഭാഗം) | 10 | 40000(1) 160000(2) 100000(3) | 18-19,26/09/2018 16/15/11/2019. 29/30/01/2020. |
| | | | | |

ലൈഫ് പദ്ധതിയുടെ പൂർത്തീകരണ കാലാവധി ഒരു വർഷമാണെങ്കിലും മൂന്നു വർഷത്തോളമായിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/19-20,20.03.21) നൽകിയ മറുപടിക്ക് ക്രമ നം 2,4 എന്നിവയിലെ ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിച്ചതായും ക്രമ നം 1- ലെ ഗുണഭേക്താവ് പ്രവത്തി നിർവ്വഹണത്തിൽ തടസ്സം നേരിട്ടുവെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ 2021 മാർച്ച് 23 വരെ മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് തുടർ ഗഡുക്കൾ നൽകാത്തതിനാൽ ആവശ്യമായ തുടർ നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ഭരണ സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

<u>1-23 സ്കൂൾ കുട്ടികൾക്ക് കരാട്ടെ പരിശീലന പരിപാടി -അപാകതകൾ</u>

പദ്ധതി – പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം
പദ്ധതി നം. – 65/19-20
അടങ്കൽ – 50,000 (പ്ലാൻ) : 50000 (സെൻട്രൽ ഫണ്ട്)
ചെലവ് – 48690 (സെൻട്രൽ ഫണ്ട്)
നിർവഹണ ഉദ്യോഗസ്ഥൻ – ഹെഡ്മാസ്റ്റർ
ബിൽ/റിക്വിസിഷൻ നമ്പർ – 510250730119005, 13.03.2020

<u>മാർഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി.</u>

മേൽ പദ്ധതിക്കായി രണ്ടു സ്കൂളുകളിൽ നിന്നുള്ള 30 പേർക്ക് പരിശീലനം നൽകിയതിന്റെയും ആയതിന് 48690/- രൂപ ചെലവഴിച്ചതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടുണ്ട് .
പദ്ധതി നിർവഹണത്തിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1. പതിമൂന്നാം പഞ്ചവത്സര പദ്ധതി സർക്കാർ ഉത്തരവ് (കൈ) നമ്പർ 11/2018 ത സ്വ ഭാ വ, തീയതി 29/01/2018 മാർഗരേഖയിൽ മേൽപ്പറഞ്ഞ പദ്ധതി ഉൾപ്പെട്ടിട്ടില്ല . യു.പി, സ്കൂളിലെ വിദ്യാർഥികൾക്ക് കരാട്ടെ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കുവാൻ നിലവിൽ വ്യവസ്ഥയില്ല.
2. പഞ്ചായത്തിൽ പരിധിയിൽ തന്നെ സർക്കാർ മേഖലയിൽ ഒന്നു മുതൽ 10 വരെയുള്ള സ്കൂൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രഥമ പരിഗണന നൽകി എയ്ഡഡ് സ്കൂളിലെ കുട്ടികളെ തന്നെ തിരഞ്ഞെടുത്തതിന്റെ കാരണം വ്യക്തമല്ല.
3. സ്കൂളുകളിൽനിന്നും ഹെഡ്മിസ്ട്രസ് ലഭ്യമാക്കിയ പരിശീലനത്തിനായി ഉള്ള കുട്ടികളുടെ പട്ടിക, ഗ്രാമസഭയിൽ അംഗീകരിച്ചതിന്റെ രേഖകൾ നിർവ്വഹണ ഉദ്ധ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല .

പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/19-20,20.03.21) ലഭിച്ച

മറുപടിയിൽ പഞ്ചായത്തിലെ 7-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കാണ് കരാട്ടെ പരിശീലനം ഉദ്ദേശിച്ചത് എന്നാണ്. മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് സർക്കാരിൽ നിന്നും മുൻകൂർ അനുമതി ആവശ്യമാണ്. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-24 എസ്.എസ്.എ. പദ്ധതിക്കായി പണം ചെലവഴിച്ചതിലെ അപാകതകൾ

പ്രോജക്ട്നം.13/19-20 – എസ്.എസ്.എ വിഹിതം അടയ്ക്കൽ.

അടങ്കൽ : രൂ.300000/- (വികസനഫണ്ട്)

ചെലവ് : രൂ.300000/-

ബിൽ നം. 1/21.08.19

നിർവ്വഹണം- ഹെഡ്മാസ്റ്റർ.

മേൽ കാണിച്ച തുക ഏതെല്ലാം ഇനങ്ങൾക്കാണ് ചെലവഴിച്ചതിന്റെ എന്നത് സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2019-20 വർഷം ഗ്രാമ പഞ്ചായത്തിലെ എൽ.പി, യു.പി സ്കൂളുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വിവിധ പദ്ധതികൾക്കായാണ് തുക വകയിരുത്തിയിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൻെറ അധീനതയിലുള്ള വിവിധ എൽ.പി, യു.പി സ്കൂളുകളിൽ മേൽ പരാമർശിച്ച മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചും അടിസ്ഥാന സൗകര്യങ്ങൾ എത്രത്തോളം പുരോഗമിച്ചുവെന്ന തിനെക്കുറിച്ചും തുടർ നിരീക്ഷണവും അധികൃതരുടെ ഭാഗത്തു നിന്നും വർക്കിങ് ഗ്രൂപ്പിൽ നിന്നും ഉണ്ടായതായി കാണുന്നില്ല. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/19-20,20.03.21) ലഭിച്ച മറുപടിയിൽ 3 ലക്ഷം രൂപയുടെ വിനിയോഗപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം മേഖലകളിലാണ് പണം ചെലവഴിച്ചത്, എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കിയത് എന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-25 ഗൃഹചൈതന്യം കാർഷിക നഴ്സറി പദ്ധതി- അപാകതകൾ

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 വർഷത്തിൽ ഗൃഹചൈതന്യം കാർഷിക നഴ്സറി എന്ന പദ്ധതി മുഖേന 5000 ആര്യവേപ്പ് തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടത്. നിലം കിളച്ചൊരുക്കി 5000 വിത്തുകൾ പാകി 3250 തൈകൾ പോളിത്തീൻ ബാഗിലേക്ക് പറിച്ച് നട്ട് വിതരണം ചെയ്തിട്ടുണ്ട്. 11-ാം വാർഡിലെ നഴ്സറിയിൽ നിന്നും വാർഡ് കേന്ദ്രങ്ങളിലെത്തിച്ച് വിതരണം നടത്തുകയാണ് ചെയ്തിട്ടുള്ളത്.

പദ്ധതിയുടെ ഭാഗമായി ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, ചുവന്ന മണ്ണ് എന്നിവയുടെ ചെലവായ 8100 രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 28.10.2019 തിയ്യതിയിലെ 21900440 നമ്പർ വൗച്ചർ മുഖേന മുൻകൂർ എന്ന നിലയിൽ ഗുണഭോക്താവായ ശ്രീ. രാജു എന്ന വ്യക്തിക്ക് അനുവദിച്ചിട്ടുണ്ട്. മേൽ വൗച്ചർ, പദ്ധതി ഫയൽ,എസ്റ്റിമേറ്റ്, എം ബുക്ക് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ പദ്ധതി നിർവ്വഹണത്തിലുണ്ടായെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയുടെ അളവ് പുസ്തകത്തിൽ (നം-114/2018-19) 5000 പോളിത്തീൻ ബാഗിൽ 3:1:1 എന്ന അനുപാതത്തിൽ മണ്ണ്, ചാണകപ്പൊടി, മണൽ എന്നിവ നിറച്ചതായും 5000 ബാഗുകളിലേക്ക് തൈകൾ നട്ടതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 5000 വിത്തുകളിൽ മുളച്ച 3250 തൈകൾ മാത്രമെ വിതരണം ചെയ്തിട്ടുള്ളൂ എന്ന് 20.03.2021 തിയ്യതിയിലെ 4-ാം നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിനുള്ള മറുപടിയിൽ തൊഴിലുറപ്പ് പദ്ധതി അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. 3250 തൈകൾ നടുന്നതിന് വേണ്ടി 5000 പോളിത്തീൻ ബാഗിൽ മണ്ണ് നിറച്ചതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ല്യമാക്കിയിട്ടില്ല.

2. എം ബുക്ക് പ്രകാരം നടീൽ മിശ്രിതം തയ്യാറാക്കിയതായും ആയത് പോളിത്തീൻ ബാഗുകളിൽ നിറച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പോളിത്തീൻ ബാഗ്, ചാണകപ്പൊടി, മണൽ എന്നിവ വാങ്ങിയതിന്റെ ബില്ല് ഫയലിൽ ലഭ്യമല്ല. മുൻവർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചതിൽ മിച്ചം വന്ന പോളിത്തീൻ ബാഗുകളിലാണ് തൈകൾ നട്ടതെന്നാണ് അളവ് രേഖപ്പെടുത്തിയ ഓവർസിയർ ഓഡിറ്റിനെ വാക്കാൽ അറിയിച്ചിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പോളിത്തീൻ ബാഗുകൾ നീക്കിയിരിപ്പില്ലായിരുന്നെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം 18സെ.മിx12 സെ.മി വലുപ്പമുള്ള ബാഗുകളിലാണ് നടീൽ മിശ്രിതം നിറക്കേണ്ടത്. 3250 ബാഗുകൾ നിറക്കുന്നതിന് 6.61 ക്യുബിക് മീറ്റർ മിശ്രിതമാണ് ആകെ ആവശ്യമുള്ളത്.(3.14x.06x.06x.18x3250) . ആയതിൽ 3:1:1 എന്ന അനുപാതം കണക്കാക്കുമ്പോൾ 3.966 ക്യുബിക് മീറ്റർ മണ്ണ് മാത്രമെ ആവശ്യമുള്ളൂ. എന്നാൽ 8.125 ക്യുബിക് മീറ്റർ മണ്ണാണ് സ്ഥാപനം വാങ്ങിയിട്ടുള്ളത്.

എം ബുക്കിൽ യഥാർത്ഥത്തിലുള്ളതിൽ അധികരിച്ച അളവ് രേഖപ്പെടുത്തുക, ആവശ്യമുള്ളതിനേക്കാൾ കൂടുതൽ മെറ്റീരിയൽ വാങ്ങുക എന്നീ അപാകതകൾ പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുണ്ട്. അപാകതകൾ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം പൂർണ്ണമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓവർസിയർ രേഖപ്പെടുത്തുന്ന അളവുകൾ അസിസ്റ്റന്റ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്യുന്നതിൽ ഉണ്ടായ വീഴ്ചയാണ് അപാകതക്ക് കാരണമായിട്ടുള്ളത്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-26 സ്വയംതൊഴിൽ സംരംഭം- സബ്സിഡി തുക ഉൾപ്പെടെയുള്ള തുകയ്ക്ക് പലിശ ഈടാക്കി

പദ്ധതി നമ്പർ :119/ 19-12

പദ്ധതി :കുടുംബശ്രീ സ്റ്റേഷനറി കം കോഫി ഷോപ്പ് .

നിർവഹണം : വി. ഇ. ഒ.

അടങ്കൽ : 200000/- (പ്ലാൻ )

ചെലവ് : 200000/-

സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭമായി (സ്ത്രീകൾ )ആറു പേർ ചേർന്ന് കുടുംബശ്രീ 'സൽക്കാര' സ്റ്റേഷനറി കം കോഫി ഷോപ്പ് എന്ന സംരംഭം 2018 -19ൽ ആരംഭിച്ചു . പദ്ധതിയുടെ നടത്തിപ്പിനായി 48 മാസത്തേക്ക് 10.95 ശതമാനം പലിശ നിരക്കിൽ മൂന്നലക്ഷം രൂപ വായ്പയായി കനറാ ബാങ്ക്, കുത്താളി ശാഖയിൽ നിന്നും 22.1.2019 -ൽ ഗ്രൂപ്പിന് ലഭിച്ചു . (ലോൺ അക്കൗണ്ട് നമ്പർ 408673700001) ഇതിൽ ഒരു ലക്ഷം രൂപ ഗ്രൂപ്പ് 06.06.02019-നകം തന്നെ അടവാക്കിയിട്ടുണ്ട്.

മൂന്ന ലക്ഷം രൂപയുടെ സംരംഭത്തിൽ 2019 -20-ൽ പദ്ധതിക്കായി പഞ്ചായത്ത് വകയിരുത്തിയ രണ്ടു ലക്ഷം രൂപ ബാക്ക് എൻഡ് സബ്സിഡിയായി കനറാ ബാങ്ക് കുത്താളി ശാഖയിലേക്ക് 26.02.20 -ന് നൽകുകയുണ്ടായി. (ബിൽ നമ്പർ 1/ 19 -20, 25- 1 -20 ) അപ്രകാരം 2 ലക്ഷം രൂപ 26.2.2020 -ന് ബാങ്കിൽ ലഭിച്ചതായി ബാങ്ക് മാനേജർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട് .എന്നാൽ ടി തുക ബാങ്ക് 26.02.20- ന് സൽക്കാരയുടെ ലോൺ അക്കൗണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

22.1.2019 മുതൽ വായ്പയായി 'സൽക്കാര 'ഗ്രൂപ്പിന് ബാങ്ക് നൽകിയ മൊത്തം മൂന്ന് ലക്ഷം രൂപയുടെ പലിശ ലോൺ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതുവരെ (4.1.2021ന്) സൽക്കാര ഗ്രൂപ്പിന്റെ എസ്.ബി. (ജനറൽ) (നമ്പർ 4086101004773)അക്കൗണ്ടിൽ നിന്നും ബാങ്ക് ഈടാക്കിയിട്ടുണ്ട് . ഇത് ക്രമപ്രകാരമായ നടപടിയല്ല.

22.0 1.2019 ന് ബാങ്ക് അനുവദിച്ച മൂന്ന് ലക്ഷം രൂപയിൽ ഒരു ലക്ഷം രൂപയും പലിശയും മാത്രമേ ഗ്രൂപ്പ് അടവാക്കേണ്ടതുള്ളൂ. എന്നാൽ 26.2.2020-ന് ബാങ്കിന് ലഭിച്ച രണ്ടു ലക്ഷം രൂപക്കും ഒരു വർഷം പലിശ ഈടാക്കിയിട്ടുണ്ട് (10.95 ശതമാനം നിരക്കിൽ). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം, 8/ 19-20,20.03.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

രണ്ടു ലക്ഷം രൂപക്ക് ബാങ്ക് ഈടാക്കിയ പലിശ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ നിർവഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ് . ഇക്കാര്യത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

<u>1-27 കമ്പ്യൂട്ടർ വാങ്ങൽ ലാഭകരമായില്ല.</u>

ടെണ്ടർ നടപടികളിലൂടെ 2019-20 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്കായി ബിസയർ പവർ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികളിലൂടെ ഒരു ഡെസ്ക്ടോപ് കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ട്. വിൻഡോസ് 10 പ്രൊഫഷണൽ ഓപ്പറേറ്റിംഗ് സിസ്റ്റം, 5 വർഷത്തെ വാറന്റി എന്നിവയും കമ്പ്യൂട്ടറിനൊപ്പം വാങ്ങിയിട്ടുണ്ട്. 43000 രൂപ ഈ ആവശ്യത്തിനായി സ്ഥാപനം ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ നം-21900223, തി.17.07.2019). ബന്ധപ്പെട്ട വൗച്ചർ , ഫയൽ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

1. ടെണ്ടറിൽ പങ്കെടുത്ത ഇൻഫോസ് ആപ്പ് എന്ന സ്ഥാപനം കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്ന സ്ഥാപനം ആണോ എന്നത് വ്യക്തമല്ല.വാങ്ങൽ നടപടികൾ ഏകീകൃതമല്ലാത്തതിനാൽ ലാഭകരമല്ലാതായി തീർന്നു. 2019-20 വർഷത്തിൽ ആയുർവ്വേദ ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ വാങ്ങിനൽകുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലേക്ക് വാങ്ങിയ കമ്പ്യൂട്ടറിനേക്കാൾ ഉയർന്ന സ്പെസിഫിക്കേഷൻ ഉള്ള കമ്പ്യൂട്ടർ 40129 രൂപ നിരക്കിലാണ് കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുള്ളത്. (2871 രൂപ കുറവ്)
2. ഓപ്പറേറ്റിംഗ് സിസ്റ്റം ഒറിജിനലാണോ എന്നത് പരിശോധിച്ചിട്ടില്ല. ആയതിന്റെ സീരിയൽ നമ്പർ/ സോഫ്റ്റ്‌വെയർ സിഡി/ രജിസ്ട്രേഷൻ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
3. 5 വർഷത്തെ വാറന്റിയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്ത സ്ഥാപനവുമായി ഇത് സംബന്ധിച്ച കരാറിലേർപ്പെടുകയും ചെയ്തിട്ടില്ല.
4. വാറന്റി കാലയളവിൽ കമ്പ്യൂട്ടറിനും ഓപ്പറേറ്റിംഗ് സിസ്റ്റത്തിനുമുണ്ടായ തകരാർ പരിഹരിക്കുന്നതിന് ഹോം ടെക് എന്ന സ്ഥാപനത്തിന്റെ സേവനം ഉപയോഗപ്പെടുത്തുകയും 1900 രൂപ 17.03.20 ലെ 21900860 നമ്പർ വൗച്ചർ മുഖേന ചെലവഴിക്കുകയും ചെയ്തു.

അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (7/19-20, തി.20.03.2021 )സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. 5 വർഷത്തെ വാറന്റിയുള്ള കമ്പ്യൂട്ടറിന്റെ പവർ സപ്ലൈ, ഓപ്പറേറ്റിംഗ് സിസ്റ്റം എന്നിവയിലുണ്ടായ തകരാറുകൾ പരിഹരിക്കുന്നതിന് ഹോം ടെക് എന്ന കമ്പ്യൂട്ടർ റിപ്പയറിംഗ് സ്ഥാപനത്തിനെ ചുമതലപ്പെടുത്തിയ നടപടിയിലൂടെ വാറന്റി നഷ്ടപ്പെടുത്തുകയും ഓപ്പറേറ്റിംഗ് സിസ്റ്റം മാറ്റി ഇൻസ്റ്റാൾ ചെയ്തതിലൂടെ ലൈസൻസുള്ള ഒ.എസ് നഷ്ടപ്പെടുത്തുന്നതിനും കാരണമായി. വാറന്റി കാലയളവിൽ റിപ്പയർ

പ്രവൃത്തികൾ മറ്റൊരു സ്ഥാപനത്തിനെ കൊണ്ട് ചെയ്യിച്ചതിലൂടെ പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്. 1900 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ കീഴിലുള്ള പർച്ചേസ് കമ്മിറ്റി യഥാവിധി പ്രവർത്തിക്കാത്തതിനാൽ വാങ്ങൽ നടപടികളിൽ ആസൂത്രണമില്ലാതാവുകയും വ്യത്യസ്ത നിരക്കിൽ കമ്പ്യൂട്ടർ വാങ്ങുന്ന അവസ്ഥ ഉണ്ടാവുകയും ചെയ്തു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വാറന്റി, ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ ആധികാരികത എന്നിവ സാങ്കേതിക ജ്ഞാനമുള്ള ഉദ്യോഗസ്ഥന്റെ സഹായത്താൽ പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ, വാറന്റി രജിസ്റ്ററുകൾ തയ്യാറാക്കി പരിപാലിക്കേണ്ടതാണ്.

## 1-28 മോയോർകുന്ന് കുടിവെള്ള പദ്ധതി-അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മോയോർകുന്ന് കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ എന്ന പദ്ധതി പ്രകാരം ( നം-139/2019-20) 200000 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി 121566 രൂപ 16.02.2020 തിയ്യതിയിൽ ബിൽ നമ്പർ 39 പ്രകാരം കെ.എസ്.ഇ.ബി പേരാമ്പ്ര നോർത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറി ചെലവഴിച്ചിട്ടുണ്ട് . പദ്ധതി ആസൂത്രണ-നിർവ്വഹണ ഘട്ടത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. 2016-17 വർഷത്തിൽ ആരംഭിച്ച പദ്ധതി പ്രവർത്തനങ്ങൾ 2019-20 വർഷത്തിലും പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടില്ല. ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും ഉൾകൊള്ളിച്ച് പദ്ധതി ആസൂത്രണം ചെയ്യുന്നതിലുണ്ടായ വീഴ്ചയാണ് കാലതാമസത്തിന് കാരണമായിട്ടുള്ളത്.2019-20 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത പൈപ്പ്ലൈൻ നീട്ടൽ എന്ന പദ്ധതി നടപ്പാക്കുന്നതിന് സാധിച്ചിട്ടില്ല.
2. 02.10.2018 ലെ കുടിവെള്ളവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ പദ്ധതി നിർദ്ദേശത്തിൽ മോയോർകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണവും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി നിർദ്ദേശത്തിന് ഗ്രാമസഭയുടെ അംഗീകാരം, വികസനസെമിനാറിന്റെ അംഗീകാരം എന്നിവ ലഭിച്ചിട്ടില്ല. കരട് പദ്ധതി രേഖ, അന്തിമ പദ്ധതി രേഖ എന്നിവയിലും പദ്ധതി ഉൾപ്പെട്ടിട്ടില്ല. 01.01.2020 ലെ ഭരണസമിതി തീരുമാന പ്രകാരമാണ് പദ്ധതി 2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തപ്പെട്ടത്. അവസ്ഥാരേഖ പ്രകാരം കുടിവെള്ള മേഖലയിൽ സ്ഥാപനം നേരിടുന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനായി വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ച പദ്ധതി ഗ്രാമസഭയിലോ വികസന സെമിനാറിലോ അവതരിപ്പിക്കുന്നതിലുണ്ടായ വീഴ്ച കാലതാമസത്തിന് കാരണമാവുകയും 2019-20 വർഷത്തിൽ പദ്ധതി പൂർത്തീകരിക്കാനാവാതെ വരികയും ചെയ്തിട്ടുണ്ട്.
3. പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത് 01.01.2020 തിയ്യതിയിലാണ്. 23.11.2019 തിയ്യതിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ , കെ.എസ്.ഇ.ബി പേരാമ്പ്ര നോർത്തിന്റെ ഡിമാന്റ് നോട്ടീസ് പ്രകാരം 121566 രൂപയാണ് മോയോർകുന്ന് കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ പദ്ധതി പ്രകാരം ഈ ആവശ്യത്തിനായി 200000 രൂപ വകയിരുത്തി (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) .യഥാർത്ഥത്തിലുള്ള ആവശ്യകതയേക്കാൾ 78434 രൂപ അധികം അടങ്കൽ ചെയ്ത് നഷ്ടപ്പെടുത്തി .

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. (നം-17/19-20, തി.22.03.2021).കൈമാറിയ തുകയുടെ വിനിയോഗ വിവരങ്ങൾ ,

പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-29 കുടിവെള്ളവിതരണം- അധികം ലഭിച്ച തുക വകമാറ്റി ചെലവഴിച്ചു.

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കുടിവെള്ള വിതരണം പദ്ധതി ( പ്രൊജക്ട് നം- 18/19-20 ) ആസൂത്രണ- നിർവ്വഹണ ഘട്ടങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു.

1. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 17.04.2019 തിയ്യതിയിൽ അയച്ച എ3/1294/2019 നമ്പർ കത്തിൽ കുടിവെള്ള വിതരണം പദ്ധതിക്കായി 263474 രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തിയതായും പ്ലാൻ ഫണ്ട്/ തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം പദ്ധതി പ്രവർത്തനങ്ങൾക്ക് മതിയായ തുക വകയിരുത്താൻ സാധിക്കില്ലെന്നും മേൽ സാഹചര്യത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 26.06.2019 ലെ ബി3/1591/2019 നമ്പർ കത്ത് മുഖേന സ്ഥാപനത്തിന് കുടിവെള്ളവിതരണ പദ്ധതി പ്രകാരം 12.04.2019 മുതൽ 13.06.2019 വരെ 519783 രൂപ ചെലവായതായി ജില്ലാകളക്ടറെ അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ തുക പദ്ധതി പ്രകാരമുണ്ടായ യഥാർത്ഥ ചെലവുമായി പൊരുത്തപ്പെടുന്നില്ല.മേൽ പദ്ധതി പ്രകാരമുള്ള ആകെ ചെലവ് 515700 രൂപയാണ്. ആയതിൽ 263474 രൂപ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. (ബിൽ നമ്പർ 5/29.05.2019, 12/16.08.2019).യഥാർത്ഥത്തിൽ കുറവുണ്ടായിരുന്ന ഫണ്ടിനേക്കാൾ 267557 രൂപ അധികം ആവശ്യപ്പെടുകയാണ് ചെയ്തിട്ടുള്ളത്. തുക കൈമാറിയത് സംബന്ധിച്ച ജില്ലാകളക്ടറുടെ നടപടിക്രമം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
2. ജില്ലാകളക്ടറിൽ നിന്നും ലഭിച്ച 519783 രൂപയുടെ വരവ് ചെലവ് വിവരങ്ങൾ വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തതായി കാണുന്നില്ല. തുക 2245-01-102-99 എന്ന ശീർഷകത്തിൽ നിന്നും ബിംസ് സോഫ്റ്റ്‌വെയർ ബിൽ മുഖേന നേരിട്ട് ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്.ജില്ലാ കളക്ടറിൽ നിന്നും അധികം ലഭ്യമായതുകയിൽ 247961 രൂപ 2020-21 വർഷത്തിൽ പിൻവലിച്ച് തനത് ഫണ്ട് വകയിരുത്തിയ 50/2020-21 നമ്പർ പദ്ധതി പ്രകാരമുള്ള റോഡ് നിർമ്മാണ ചെലവിലേക്ക് ക്രമീകരിച്ച് വകമാറ്റി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുകയിൽ 15513 രൂപ ഓഡിറ്റ് തിയ്യതിയിൽ നീക്കിയിരിപ്പുണ്ട്.

അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് 22.03.2021 തിയ്യതിയിൽ നൽകിയ 18-ാം നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല.2019-20 വർഷത്തിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് 10598511 രൂപയാണ് വികസന ഫണ്ട് ജനറലിൽ നിന്നും സ്ഥാപനം അടങ്കൽ ചെയ്തിട്ടുള്ളത്. ആയതിൽ 8451525 രൂപയാണ് സ്ഥാപനം ചെലവഴിച്ചിട്ടുള്ളത്.അടങ്കൽ ചെയ്തതിൽ 2146986 രൂപ ചെലവഴിക്കാതെ സ്ഥാപനം നഷ്ടപ്പെടുത്തിയിട്ടുണ്ട്. നിർവ്വഹണ കലണ്ടർ തയ്യാറാക്കി സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ച് പൂർത്തീകരിക്കുന്നതിലുണ്ടായ വീഴ്ച മൂലം വലിയ തുക സ്ഥാപനത്തിന് ക്യൂ ബിൽ ആയിട്ടുണ്ട്. ആയത് പരിഗണിക്കുമ്പോൾ പ്ലാൻ ഫണ്ട് അപര്യാപ്തമായിരുന്നു എന്നത് അംഗീകരിക്കാനാവില്ല.

പ്രത്യേക ആവശ്യത്തിലേക്ക് വകയിരുത്തിയ തുക വക മാറ്റി ചെലവഴിക്കുകയും സാമ്പത്തിക വർഷത്തിന്റെ അവസാനം ശീർഷകത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക സറണ്ടർ ചെയ്യുന്നതിൽ വീഴ്ച വരുത്തിയതും ഗൗരവതരമാണ്.തനത് ഫണ്ടിൽ നിന്നും 267557 രൂപ സർക്കാരിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-30 വാറന്റി പരിരക്ഷയുള്ള കമ്പ്യൂട്ടറുകൾക്ക് എ.എം.സി

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി ( പ്രൊ.നം 5/19-20) എന്ന പദ്ധതി മുഖേന സ്ഥാപനത്തിലെ കമ്പ്യൂട്ടറുകൾക്കും പ്രിന്ററുകൾക്കും വാർഷിക പരിപാലന കരാറിന്റെ പരിരക്ഷ നൽകിയിട്ടുണ്ട്. കെൽട്രോണിനാണ് എ.എം.സി നൽകിയിട്ടുള്ളത്.പദ്ധതി ആസൂത്രണ -നിർവ്വഹണഘട്ടങ്ങളിലുണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കെൽട്രോണിൽ നിന്നും 20.12.2019 തിയ്യതിയിൽ പ്രൊപ്പോസൽ/ബിൽ ലഭിച്ചിട്ടും സെക്രട്ടറി 04.02.2020 തിയ്യതിയിലാണ് ബിൽ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. ട്രഷറിയിൽ സമർപ്പിച്ച പ്രസ്തുത ബിൽ ക്യൂ-ബിൽ ആയി മാറുകയും തുക ചെലവഴിക്കുന്നതിന് സാധിക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. നടപടിക്രമങ്ങളിലുണ്ടായ കാലതാമസം മൂലം പദ്ധതിക്കായി അടങ്കൽ ചെയ്ത 60000 രൂപ വികസനഫണ്ട് നഷ്ടപ്പെടുകയും ചെയ്തു.2020-21 വർഷത്തിൽ സ്പിൽ ഓവറായാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത്.

2. വാറന്റി പരിരക്ഷ നിലനിൽക്കുന്ന കമ്പ്യൂട്ടറുകൾക്കും എ.എം.എസി ഏർപ്പെടുത്തി സ്ഥാപനത്തിന് അധിക ചെലവുണ്ടാക്കിയിട്ടുണ്ട്. രണ്ട് ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നം | കമ്പ്യൂട്ടർ വാങ്ങിയ പ്രൊജക്ടിന്റെ വിവരം | വാങ്ങിയ തിയ്യതി | വാറന്റി അവസാനിക്കുന്ന തിയ്യതി | സീരിയൽ നം. |
|---|---|---|---|---|
| 1 | 140/2019,വി.ഇ.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ | 20.02.2019 | 19.02.2024 | UXBIJISK6812378438 |
| 2 | 149/2018, പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ | 15.02.2018 | 14.02.2023 | UXBIJISK50H5277823 |

മേൽ 2 കമ്പ്യൂട്ടറുകളുടെ എ.എം.സിക്കായി 9000 രൂപയാണ് പഞ്ചായത്ത് ചെലവഴിച്ചിട്ടുള്ളത്. എ.എം.സിയിലൂടെ ലഭിക്കുന്ന സേവനങ്ങൾ വാറന്റിയിലൂടെ സൗജന്യമായി ലഭിക്കുമെന്നതിനാൽ 9000 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. എന്നാൽ ചെലവ് നടന്നത് 2020-21 വർഷത്തിലാകയാൽ തുടർ നടപടികൾ അടുത്ത വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സ്വീകരിക്കുന്നതാണ്. JISK6812378362 സീരിയൽ നമ്പറായുള്ള കമ്പ്യൂട്ടറിനും എ.എം.സി ഏർപ്പെടുത്തി 4500 രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ മേൽ കമ്പ്യൂട്ടർ ഭൗതിക പരിശോധന നടത്തി വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയ സീനിയർ ക്ലർക്ക് ശ്രീ.ലിജീഷ് പ്രസ്തുത സീരിയൽ നമ്പറുള്ള കമ്പ്യൂട്ടർ സ്ഥാപനത്തിൽ കണ്ടെത്താനായിട്ടില്ലെന്ന് ഓഡിറ്റിനെ വാക്കാൽ അറിയിച്ചിട്ടുണ്ട്.

അപാകതകൾ 23.03.2021 തിയ്യതിയിലെ 22-ാം നമ്പർ അന്വേഷണകുറിപ്പ് മുഖേന സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തി അഭിപ്രായമാരാഞ്ഞിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി ആസൂത്രണം ചെയ്യുന്ന ഘട്ടത്തിൽ ഏതെല്ലാം കമ്പ്യൂട്ടറുകൾക്കാണ് എ.എം.സി ആവശ്യമുള്ളതെന്ന അടിസ്ഥാന വിവരങ്ങൾ പോലും പരിശോധിക്കപ്പെട്ടിട്ടില്ല.

സ്ഥാപനത്തിൽ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ രജിസ്റ്ററുകൾ ,വാറന്റി രജിസ്റ്റർ എന്നിവ

പരിപാലിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ വാറന്റി ഉൾപ്പെടെയുള്ള പ്രധാന വിവരങ്ങൾ പോലും ചേർക്കുന്നില്ല.മേൽ രജിസ്റ്ററുകളുടെ അഭാവവും ടെക്നിക്കൽ അസിസ്റ്റന്റ് ഇല്ലാത്തത് കാരണം സാങ്കേതിക ഉപദേശങ്ങൾ ലഭ്യമല്ലാത്തതും അപാകതക്ക് കാരണമായിട്ടുണ്ട്. അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും എ.എം.സി ഏർപ്പെടുത്തിയ മുഴുവൻകമ്പ്യൂട്ടറുകളുടെയും വാറന്റി പരിശോധിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 17/03/2021മുതൽ 23/03/2021 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 400000 | ഭവനരഹിതർക്ക് വീട്-ലൈഫ് ജനറൽ | 400000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 175000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 175000 | - |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ | പ്രവൃത്തിയുടെ പേര് | വർഷം | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | | | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വെൻമേരികണ്ടി നാഗത്ത് പുതിയോട്ടിൽ പൈപ്പ്ലൈൻ നീട്ടൽ | 2019-20 | 166000 | 0 | 166000 |
| കേരള വാട്ടർ അതോറിറ്റി | ആശാരി പറമ്പത്ത് പൈപ്പ്ലൈൻ നീട്ടൽ | 2019-20 | 640000 | 0 | 640000 |
| കേരള വാട്ടർ അതോറിറ്റി | കട്ടയാട്ട് പുത്തൻ പുരയ്ക്കൽ പൈപ്പ്ലൈൻ നീട്ടൽ | 2019-20 | 146200 | 0 | 146200 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല

## 4-5 വായ്പ

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3320000 രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | 407/10/ ത.സ്വ.ഭ.വ., തിയ്യതി:5.02.2010 | 0 | 395006 | 395006 | -- | 0 |
| ലൈഫ് ഭവന പദ്ധതി | | 3320000 | 8878569 | 897159 | -- | 11301410 |
| ആകെ | | | | | | 11301410 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | പേരും ഉദ്യോഗപ്പേരും | |
|---|---|---|---|---|
| 2018-19 | 2-1 | 300 | ശ്രീ.വിജയഗോപാലൻ ഒതയോത്ത് | 119010102520തീ.21.01.2020 |
| 2018-19 | 2-1 | 300 | ശ്രീ..വിജയഗോപാലൻ ഒതയോത്ത് | 119010102520തീ.22.01.2020 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-1 | 2005-06 | 2.70,1.1.2 | പാവടിക്കുന്നുമ്മൽ താഴെ നടപ്പാത | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2002-03 | 2-1 | 2005-06 | 2.70,1.2.3 | കാഷ് ബുക്ക് പൂർണമല്ല | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2002-03 | 3-9 | 2005-06 | 2.70,1.3.3 | വനിത തൊഴിൽ പരിശീലനം | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2002-03 | - | 2005-06 | 2.70,1.9.1 | തൊഴിലില്ലായ്മ വേതനം | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2001-02 | 3-3 | 2005-06 | 2.70,1.9.3 | തൊഴിലില്ലായ്മ വേതനം | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2001-02 | 2-1 (സി,ഡി) | 2005-06 | 2.70,1.11.6 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൂർണമല്ല | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2002-03 | 2 | 2005-06 | 2.70,1.14.2 | നികുതി പിരിവ് അലംഭാവം | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 49642865 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51025456 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 267557 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 267557 | ജേക്കബ് ജോർജ്<br>സെക്രട്ടറി,<br>കുത്താളി ഗ്രാമപഞ്ചായത്ത് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജേക്കബ് ജോർജ്<br>സെക്രട്ടറി, | - | നെടിയനിരപ്പിൽ,<br>കല്ലായി,<br>പിൻ-673525 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച<br>ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 2006-07 | കെ എസ് എ കെ ഡി പി 4/528/18(2) തിയതി 30-04-18 | 1 | 3-10 |
| 2007-08 | കെ എസ് എ കെ കെ ഡി പി 4/528/18(3) തിയതി 30-04-18 | 6 | 3-9,3-11,3-12,3-20,3-21 |
| 2008-09 | കെ എസ് എ കെ കെ ഡി പി 4/528/18(4) തിയതി 30-04-18 | 2 | 3-4,3-8 |
| 2009-10 | കെ എസ് എ കെ കെ ഡി പി 4/528/18(5) തിയതി 30-04-18 | 1 | 3-3 |
| 2010-11 | കെ എസ് എ കെ കെ ഡി പി 4/528/18(6) തിയതി 30-04-18 | 3 | 3-3,3-6,3-8 |
| 2011-12&<br>2012-13 | കെ എസ് എ കെ കെ ഡി പി 4/528/18(7) തിയതി 30-04-18 | 3 | 3-5,3-19,3-20 |
| 2013-14&<br>2014-15 | കെ എസ് എ കെ കെ ഡി പി 4/1658/15 തിയതി 07/04/15 | 14 | 3-1,3-2(3),3-4,<br>3-5, 9,3-10,<br>3-11(1),(2),(3),<br>(4),3-12,3-13,<br>3-15,3-16,3-17,<br>3-18,4-1, |

| | | | |
|---|---|---|---|
| 2015-16 | കെ എസ് എ കെ കെ ഡി പി 4/2180/17 തിയതി 02-06-17 | 10 | 2-1-2,2-3,2-4,2-5, 3-3,3-6, 3-8,3-11,3-12,3-13 |
| 2016-17 | കെ എസ് എ കെ കെ ഡി പി 4/2440/17 തിയതി 20-02--18 | 14 | 2-1,2-5,3-2,3-3, 3-5, 3-6,3-7,3-8, 3-9, 3-11,3-12, 3-13, 3-16, 3-17 |
| 2017-18 | കെ എസ് എ കെ കെ ഡി പി 4/2676/18 തിയതി-28-12-2018 | 23 | 1-12(4),1-12(5), 2-1,2-2, 2-3,3-1,3-2,3-3,3-4,3-5, 3-6,3-8,3-9,3-10,3-11,3-13,3-14, 3-16,3-17,3-18,3-19,3-20,3-21 |
| 2018-19 | കെ എസ് എ കെ കെ ഡി പി 4/1514/19 തിയതി-07/09/2019 | 16 | 1-9,1-11,1-12-1,1-12-4,1-13-1,1-13-4,1-13-5,1-13-6, 1-13-7,1-13-8,1-13-9,1-13-10, 1-,13-11,1-13-13,1-13-14, 1-13-17 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൂത്താളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്